**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3301** **25-10-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂ സെക്രട്ടേറിയറ്റ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ സെക്രട്ടേറിയറ്റ് സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കാമോ; | (എ) | ഉണ്ട്. റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി അധ്യക്ഷനും, റവന്യൂ, സർവ്വെ, ഭവനനിർമ്മാണം, ദുരന്തനിവാരണം എന്നീ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ, ഐ.എൽ.ഡി.എം, സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർമാർ, ലാൻഡ് ബോർഡ് സെക്രട്ടറി എന്നിവർ അംഗങ്ങൾ ആയുമാണ് റവന്യൂ സെക്രട്ടേറിയറ്റ് സംവിധാനം ആവിഷ്കരിച്ചിട്ടുള്ളത്. റവന്യൂ-ഭവനനിർമ്മാണ വകുപ്പുകളിലെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയാണ് റവന്യൂ സെക്രട്ടേറിയറ്റിന്റെ ലക്ഷ്യം. എല്ലാ ബുധനാഴ്ചയുമാണ് റവന്യൂ സെക്രട്ടേറിയറ്റ് ചേരാൻ നിശ്ചയിച്ചിട്ടുള്ളത്. അതതു ദിവസങ്ങളിലെ പരിഗണനാ വിഷയങ്ങൾ മുൻകൂട്ടി അറിയിച്ചു നടത്തുന്ന യോഗങ്ങളിൽ മുൻയോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടി പരിശോധിക്കുന്നതും തീരുമാനങ്ങൾ നടപ്പാക്കുന്നതിന് കൃത്യമായ സമയപരിധി നിശ്ചയിച്ചു അത് പ്രകാരം നടപടികൾ സ്വീകരിക്കുന്നതുമാണ് . |
| (ബി) | ഈ സംവിധാനം വഴി റവന്യൂ-ഭവന നിർമ്മാണ വകുപ്പുകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | റവന്യൂ സെക്രട്ടേറിയറ്റ് സംവിധാനം വഴി റവന്യൂ-ഭവന നിർമ്മാണ വകുപ്പുകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. പട്ടയങ്ങളുടെ വിതരണം, പട്ടയ അദാലത്ത്, സ്മാർട്ട് വില്ലേജാഫീസ് കെട്ടിടങ്ങളുടെ പൂർത്തീകരണം, റവന്യൂ ഇൻഫർമേഷൻ ബ്യൂറോ, റവന്യൂ ജേർണൽ, റവന്യൂ കോൾ സെന്റർ, റവന്യൂ ഭവൻ, റവന്യൂ കാർഡ്, റവന്യൂ അവാർഡ്, ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കൽ, വില്ലേജാഫീസുകൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തൽ, ഡിജിറ്റൽ റീസർവ്വേ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ പുരോഗതി, ഭവനനിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ റവന്യൂ സെക്രട്ടേറിയറ്റിൽ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇതുവഴി വിവിധ തലങ്ങളിൽ തീർപ്പാകാതിരിക്കുന്ന ഫയലുകളിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിച്ചിട്ടുണ്ടോ; ഫയൽ അദാലത്ത് സംവിധാനം ഫലപ്രദമാണോ; | (സി) | റവന്യൂ സെക്രട്ടേറിയറ്റ് സംവിധാനം വഴി വിവിധ തലങ്ങളിൽ തീർപ്പാക്കാതിരിക്കുന്ന ഫയലുകളിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിച്ചിട്ടുണ്ട്. ഫയൽ അദാലത്ത് വഴി തീർപ്പാക്കാൻ ബാക്കിയുള്ള ഫയലുകളിൽ റിപ്പോർട്ട് ലഭ്യമാക്കി അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. ഭരണ സിരാ കേന്ദ്രമായ സെക്രട്ടേറിയറ്റിൽ ഫയൽ അദാലത്ത് നടത്തി നിരവധി ഫയലുകൾ തീർപ്പ് കൽപ്പിച്ചിട്ടുള്ളതാണ്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റും കളക്ടറേറ്റുകളും കേന്ദ്രീകരിച്ചുള്ള ഫയൽ അദാലത്തുകൾ നടന്നു വരുന്നു. |
| (ഡി) | ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത സംവിധാനം എത്ര മീറ്റിംഗുകൾ/സിറ്റിംഗുകൾ നടത്തിയിട്ടുണ്ടെന്നും ഏതെല്ലാം വിഷയങ്ങൾ പരിഗണിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ഡി) | ഈ സർക്കാരിന്റെ കാലയളവിൽ "റവന്യൂ സെക്രട്ടേറിയറ്റ്" സംവിധാനത്തിന്റെ 13 മീറ്റിംഗുകൾ/സിറ്റിംഗുകൾ (13/10/2021 വരെ) നടന്നിട്ടുണ്ട്. പട്ടയങ്ങളുടെ വിതരണം, പട്ടയ അദാലത്ത്, സ്മാർട്ട് വില്ലേജാഫീസ് കെട്ടിടങ്ങളുടെ പൂർത്തീകരണം, റവന്യൂ ഇൻഫർമേഷൻ ബ്യൂറോ, റവന്യൂ ജേർണൽ, റവന്യൂ കോൾ സെന്റർ, റവന്യൂ ഭവൻ, റവന്യൂ കാർഡ്, റവന്യൂ അവാർഡ്, ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കൽ, വില്ലേജാഫീസുകൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തൽ, ഡിജിറ്റൽ റീസർവ്വേ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ പുരോഗതി, ഭവനനിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ എന്നിവയാണ് റവന്യൂ സെക്രട്ടേറിയറ്റിൽ പ്രധാനമായും പരിഗണിച്ചിട്ടുള്ള വിഷയങ്ങൾ. |

സെക്ഷൻ ഓഫീസർ